(ഇ) ഉണ്ട്.

(എഫ്) 10438 ഏക്കർ.

(ജി) ഇന്നുള്ളതിൽ കൂടുതലായി സ്ഥലം റിസർവ് വനം ആക്കുന്നതിന് നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

നിബിഡ വനങ്ങളും നാശോൻമുഖ വനങ്ങളും

293. [365] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്ന കാലത്ത് കേരളത്തിൽ എത്ര ചതുരശ്ര കിലോമീറ്റർ നിബിഡ വനങ്ങളും എത്ര കിലോമീറ്റർ നാശോൻമുഖ വനങ്ങളും ഉണ്ടായിരുന്നുവെന്നു വ്യക്തമാക്കാമോ ;

(ബി) 1986 വർഷത്തിൽ പ്രസ്തുത വനങ്ങളിൽ എത്ര വീതം ;

(സി) കഴിഞ്ഞ 5 വർഷത്തിനിടയിൽ എത്ര ച.കിലോമീറ്റർ വനങ്ങൾ ഇല്ലാതായിട്ടുണ്ട് ?

ഉത്തരം

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് റിക്കാർഡ് അനുസരിച്ച് 11221.14 ച.കി. മീറ്റർ വനഭൂമിയാണ് ഉണ്ടായിരുന്നതെങ്കിലും വനേതരാവശ്യങ്ങൾക്കു നേരത്തെ തന്നെ വിട്ടുകൊടുത്ത വനഭൂമി കണക്കിലെടുത്താൽ ഫലത്തിൽ 9400 ച.കി. മീറ്റർ വനഭൂമിയാണ് ഉണ്ടായിരുന്നത്. സമീപകാലത്ത് വിവിധാവശ്യങ്ങൾക്കു വിട്ടുകൊടുത്ത 11.40 ച.കി. മീറ്റർ വനഭൂമി കഴിച്ചാൽ ഇപ്പോൾ 9388.60 ച.കി. മീറ്റർ വനഭൂമിയുണ്ട്.

(ബി) 1986 വർഷത്തിലെ കണക്ക് എടുത്തിട്ടില്ല.

(സി) 11.40 ച.കി.മീറ്റർ.

25-5-1982-നു ശേഷം പതിച്ചു കൊടുക്കുന്നതിനുവേണ്ടി റവന്യൂ വകുപ്പിനു കൈമാറിയ വനഭൂമി

294. [366] ശ്രീ. വി.ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 25-5-1982-നു ശേഷം വനഭൂമി പതിച്ചു കൊടുക്കുന്നതിനു വേണ്ടി റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ഏക്കർ ; ഏതെല്ലാം വർഷങ്ങളിൽ എന്നു വെളിപ്പെടുത്താമോ ?

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

വ്യാവസായികാവശ്യങ്ങൾക്ക് വനം വച്ചുപിടിപ്പിക്കുവാൻ നടപടി

295. [370] ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly